(1)	(2)	(3)
കരുവിക്ക് ഒരു കൂട്	തിരുവല്ല	18011
	റാന്നി	19500
	ആറന്മുള	16500
	കോന്നി	17500
	അടൂർ	12800
	ആകെ	84311
പക്ഷി സർവ്വേ	ആറന്മുള	8195
	തിരുവല്ല	11499
	ആകെ	19694
മര മുത്തശ്ശി/വനമിത്ര അവാർഡ്	ആറന്മുള	50000
	അടൂർ	25000
	ആകെ	75000

(സി) കേന്ദ്ര സർക്കാരിന്റെ പൂർണ്ണ/ഭാഗിക വിഹിതം ഉൾപ്പെടുത്തിയുള്ള പദ്ധതികളൊന്നും പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയിട്ടില്ല.

വനമേഖലയിലെ വന്യജീവി ആക്രമണം

274(3096) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനമേഖലയ്ക്കടുത്തും മറ്റും താമസിക്കുന്ന കർഷകരുടെ കൃഷിഭൂമിയിൽ വിളവുകൾ നശിപ്പിക്കുന്നതും മനുഷ്യരെ ആക്രമിക്കുന്നതുമായ വന്യമൃഗങ്ങളെ കൊല്ലുന്നതിനുമായി എന്തെങ്കിലും പുതിയ നിയമം പുറത്തിറക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ എത്ര മനുഷ്യജീവൻ പൊലിഞ്ഞിട്ടുണ്ടെന്നും എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശ നഷ്ടങ്ങളിൽ ഗണ്യമായപങ്ക് വഹിക്കുന്ന കാട്ടുപന്നികളെ സ്വന്തം കൃഷിയിടത്തിൽ വച്ച് ലൈസൻസുള്ള തോക്കുപയോഗിച്ച് വെടിവച്ചോ അല്ലാതെയോ വേട്ടയാടു ന്നതിന് കർഷകർക്ക് 17-11-2014-ലെ സ.ഉ (എം.എസ്.) നമ്പർ 95/2014/വനം പ്രകാരം വ്യവസ്ഥകൾക്കുവിധേയമായി അനുവാദം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) വിലയിരുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ എണ്ണം (പാമ്പുകടിയേറ്റുള്ള മരണം ഉൾപ്പെടെ)	വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവരുടെ എണ്ണം
തിരുവനന്തപുരം	3	27
കൊല്ലം	34	39
പത്തനംതിട്ട	16	102
ആലപ്പുഴ	36	--
കോട്ടയം	26	44
ഇടുക്കി	24	53
എറണാകുളം	19	49
തൃശ്ശൂർ	78	63
പാലക്കാട്	111	119
മലപ്പുറം	54	80
വയനാട്	24	113
കണ്ണൂർ	59	561
കോഴിക്കോട്	26	39
കാസർഗോഡ്	21	181

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly